**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 189

11.6.2012 ൽ മറുപടിയ്ക്ക്

**<u>ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ബെന്നി ബെഹനാൻ** | **ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) സംസ്ഥാനത്ത് ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | CAG യുടെ Technical Guidance and Support - ന്റെ ഭാഗമായി C&AG യിൽ നിന്നും ലഭിച്ച സപ്ളിമെന്ററി ഓഡിറ്റ് - റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലോക്കൽ ഫണ്ട് സഭാ സമിതി നിർദ്ദേശിച്ചപോലെ റിപ്പോർട്ടുകൾക്ക് പൂർണ്ണത വരുത്തുന്നതിനായി അവയെ അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കി വരുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടേതിന് തുല്യമാക്കാൻ (സ്റ്റാൻഡാർഡൈസ് ചെയ്യാൻ) നടപടി സ്വീകരിക്കുന്നതാണ്. കോടതികൾ, ക്ഷേമനിധി ബോർഡുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ ഓഡിറ്റ് കാലികമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ജില്ലാതല ഓഫീസർ കൃത്യമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തി |

| | |
|---|---|
| | വരുന്നുണ്ട്. ഓഡിറ്റിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ തലങ്ങളിലായി ആഡിറ്റർമാർക്ക് 4 മാസം നീണ്ടു നിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി പരിശീലനവും നൽകുന്നുണ്ട്. കൂടാതെ ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക് വേണ്ടി ബഹു: നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം റിഫ്രഷർ കോഴ്സുകളും നടത്തുന്നുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ ആഡിറ്റു ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിൽ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം നടത്തി വരുന്നു. |
| (ബി) സർക്കാർ ഗ്രാന്റ് നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം നടപ്പിലാക്കുമോ; | ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ചട്ടം 4 (1) (2), ചട്ടം 5 പ്രകാരം ഇപ്പോൾ ഓഡിറ്റ് നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ ടി ചട്ടങ്ങളുടെ വെളിച്ചത്തിൽ ഓഡിറ്റ് നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ ആക്ടിന്റെ പരിധിയിൽ വരാത്ത ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇതിനായി ആക്റ്റിൽ കാലോചിതമായി പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | |

സെക്ഷൻ ഓഫീസർ